# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.583      28.03.2018 - ൽ മറുപടിയ്ക്ക്

**<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി നൽകേണ്ട മരുന്നുകൾ യഥാസമയം വാങ്ങി നൽകുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) സംസ്ഥാന ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളും അനുബന്ധ സാമഗ്രികളും പ്രസ്തുത വകുപ്പുമേധാവികൾ മുൻകൂട്ടി നൽകുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത സുതാര്യ ഇ-ദർഘാസുകൾ മുഖേന സംഭരിച്ച് വിവിധ ജില്ലാ മരുന്നുസംഭരണശാലകളിലൂടെ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ മുഖേനയാണ്. എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിക്കുകയും നവംബർ മാസത്തോടെ ദർഘാസ് നടപടികൾ ആരംഭിക്കുകയും ഫെബ്രുവരി മാസത്തോടുകൂടി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മരുന്നുകളുടെ വിതരണ ഓർഡറുകൾ നൽകുകയുമാണ് ചെയ്യുന്നത്. അതനുസരിച്ചുള്ള മരുന്നുകൾ ഏപ്രിൽ മാസം ആരംഭം മുതൽ തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്ന് സംഭരണശാലകളിൽ എത്തുകയും അവിടെനിന്നും സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ അളവിൽ വിതരണം നടത്തി വരുകയുമാണ് ചെയ്യുന്നത്. |

2017-18 സാമ്പത്തികവർഷം അർബ്ബുദരോഗ ചികിത്സയ്ക്കാവശ്യമായ 65 ഇനം മരുന്നുകൾ ഉൾപ്പെടെ അവശ്യമരുന്നുപട്ടികയിൽ ഉൾപ്പെട്ട 590 ഇനങ്ങളാണ് ദർഘാസ് നടപടികളിലൂടെ സംഭരിച്ച് സമയബന്ധിതമായി സർക്കാർ ആശുപത്രികൾക്ക് സൗജന്യമായി നൽകി വരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ രോഗചികിത്സയ്ക്ക് ആവശ്യമായതും എന്നാൽ അവശ്യമരുന്നു പട്ടികയിൽ ഇല്ലാത്തതുമായ ചില മരുന്നുകൾ പുറത്തുനിന്നും വാങ്ങേണ്ട അവസ്ഥ ഉണ്ടാകുന്നതിനാൽ വിവിധ സ്പെഷ്യാലിറ്റികളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സഹായത്തോടെ സ്പെഷ്യാലിറ്റി മരുന്നുകളുടെ പട്ടിക തയ്യാറാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സ്പെഷ്യാലിറ്റി മരുന്നുകൾ സൗജന്യ വിതരണത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളെ നവീകരിക്കുന്നതിന്റെ ഫലമായി ഇവയെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ മരുന്നിന് ദൗർലഭ്യം നേരിടാതിരിക്കാൻ ശ്രദ്ധ പതിപ്പിക്കുമോ;

(ബി) സംസ്ഥാനത്തെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തിയതിന്റേയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചതിന്റേയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി വിപുലപ്പെടുത്തിയുള്ള ആർദ്രം പദ്ധതി നടപ്പാക്കിയതിന്റെയും ഫലമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിഭാഗത്തിലുണ്ടാകാൻ സാധ്യതയുള്ള വർദ്ധനവ് മുന്നിൽക്കണ്ടുകൊണ്ട് ദർഘാസ് വ്യവസ്ഥ പാലിച്ചുകൊണ്ടുതന്നെ ആവശ്യമായ മരുന്നുകൾ ദർഘാസ് അളവിന്റെ 25% അധികം സംഭരിച്ച് വിതരണം ചെയ്ത് സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(സി) മുൻപ് വാങ്ങിയ മരുന്നുകളുടെ വില വിതരണക്കാർക്ക് കുടിശ്ശികയായത് അവശ്യമരുന്നുകളുടെ വിതരണത്തെ ബാധിക്കാതിരിക്കാനായി സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) മരുന്നു വാങ്ങിയ ഇനത്തിൽ മരുന്നുവിതരണ കമ്പനികൾക്ക് നൽകേണ്ട തുക കുടിശ്ശികയായത് സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്നുവിതരണത്തെ ഒരു തരത്തിലും ബാധിച്ചിട്ടില്ല. മരുന്നു വിതരണം പൂർത്തിയാക്കുന്ന മരുന്നു വിതരണ കമ്പനികൾക്ക് നൽകാനുള്ള തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകിവരുന്നുണ്ട്

| | |
|---|---|
| (ഡി) ബ്രാൻഡഡ് മരുന്നുകളുടെ വിലവർദ്ധനവ് പ്രതിരോധിക്കാൻ കാരുണ്യ വഴിയുള്ള മരുന്നുവില്പന കൂടുതൽ വ്യാപിപ്പിക്കാൻ സാധിക്കുമോ; | (ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 2012 ജനുവരി മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയ്ക്ക് മറ്റ് സ്വകാര്യ ഫാർമസികളുടേയും ഇടനിലക്കാരുടേയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനെക്കാളും വിപണി വിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാം തന്നെ സർക്കാർ ആശുപത്രി കോമ്പൗണ്ടിനുള്ളിലാണ് പ്രവർത്തിച്ചുവരുന്നത്.<br><br>നിലവിൽ കേരളത്തിലെ 14 ജില്ലകളിലുമായി 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയ്ക്ക് പുറമേ താമരശ്ശേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (കോഴിക്കോട്), മണ്ണാർക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (പാലക്കാട്), വൈക്കം താലൂക്കാശുപത്രി (കോട്ടയം), മാവേലിക്കര ജില്ലാ ആശുപത്രി (ആലപ്പുഴ), നെടുങ്കോലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (കൊല്ലം), കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി (കോഴിക്കോട്), തൃശ്ശൂർ ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.<br><br>സർക്കാർ ആശുപത്രികളിലെ ഒ.പി/ഐ.പി അനുപാതം പരിഗണിച്ച് അനുയോജ്യമായ സ്ഥലമോ കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാവുന്നതാണ്. |
| (ഇ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 44 സർക്കാർ ആശുപത്രികളിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ ലഭ്യമായ സ്ഥലത്ത് കേരള ഹെൽത്ത് റിസർച്ച് & |

വെൽഫെയർ സൊസൈറ്റി മുഖാന്തിരം പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡയാലിസിസ് കേന്ദ്രത്തിന്റെ തുടർന്നുള്ള പ്രവർത്തനം ബന്ധപ്പെട്ട ആശുപത്രികളുടെ ഉത്തരവാദിത്വമാണ്. സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി പന്ത്രണ്ട് ഡയാലിസിസ് ഉപകരണങ്ങൾ വരെ ഈ പദ്ധതിയിൽ ലഭ്യമാക്കുന്നുണ്ട്.

ഡയാലിസിസ് കേന്ദ്രങ്ങളുടെ നിലവിലെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

1. ഉദ്ഘാടനം കഴിഞ്ഞത് -10 എണ്ണം
2. പണി പൂർത്തിയായി ഉദ്ഘാടനത്തിന് തയ്യാറായവ - 9 എണ്ണം
3. 80% ൽ കൂടുതൽ പണി പൂർത്തിയായവ - 10 എണ്ണം
4. 50% ൽ കൂടുതൽ പണി പൂർത്തിയായവ - 4 എണ്ണം
5. പണി തുടങ്ങിയവ - 4 എണ്ണം
6. ദർഘാസ് നടപടികൾ നടന്നു വരുന്നവ - 4 എണ്ണം
7. എസ്റ്റിമേറ്റ് തയ്യാറാക്കുന്നവ - 1 എണ്ണം
8. ഡയാലിസിസ് കേന്ദ്രത്തിനുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചവ - 2 എണ്ണം

ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള 6 ഡയാലിസിസ് കേന്ദ്രങ്ങളുടെ കെട്ടിടം പണി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. പണി പൂർത്തിയായി കഴിഞ്ഞാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഉപകരണം സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ